# 1/2015 - M

1. വാത പ്രധാനമായ ദേശം ഏത് ?
   (A) ജാംഗലം (B) ആനൂപം (C) സാധാരണം (D) സമം

2. മന്ദം എന്ന ഗുണം ഏതുദോഷത്തിനാണ് നല്കപ്പെട്ടിരിക്കുന്നത് ?
   (A) വാതം (B) പിത്തം (C) കഫം (D) ദ്വന്ദ്വം

3. വിഷമാഗ്നി ഏതു ദോഷവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   (A) വാതം (B) പിത്തം (C) കഫം (D) സംസർഗ്ഗം

4. കഫദോഷത്തിന്റെ പരമമായ ശമനൗഷധം ഏത് ?
   (A) തൈലം (B) ഘൃതം (C) മധു (D) ലവണം

5. ഉദ്വർത്തനം കൊണ്ടുള്ള ഗുണം എന്ത് ?
   (A) കഫവർദ്ധനം (B) മേദോവിലയനം (C) വാതശമനം (D) പിത്തശമനം

6. എല്ലാദിവസവും കണ്ണിലെഴുതാനുപയോഗിക്കേണ്ട അഞ്ജനം ഏത് ?
   (A) സ്രോതോഞ്ജനം (B) രസാഞ്ജനം (C) പുഷ്പാഞ്ജനം (D) സൗവീരാഞ്ജനം

7. വ്യായാമം കൊണ്ടുള്ള ഗുണം എന്ത് ?
   (A) അംഗദൃഢത (B) അഗ്നിമാന്ദ്യം (C) മേദോവൃദ്ധി (D) അംഗഗുരുത്വം

8. ധരിക്കാൻ പാടില്ലാത്ത വേഗങ്ങൾ എത്ര ?
   (A) 10 (B) 11 (C) 12 (D) 13

9. ശബ്ദം സഹിക്കാൻ കഴിയാത്ത ഏതു ധാതുക്ഷയത്തിന്റെ ലക്ഷണമാണ് ?
   (A) രസം (B) രക്തം (C) മേദസ് (D) മജ്ജ

10. ഓജസിന്റെ പ്രധാനസ്ഥാനം ഏത് ?
   (A) രസം (B) രക്തം (C) ഹൃദയം (D) യകൃത്ത്

11. ദൃഷ്ടിയിൽ സ്ഥിതി ചെയ്യുന്ന പിത്തം ഏത് ?

(A) പാചകം (B) രഞ്ജകം (C) ഭ്രാജകം (D) ആലോചകം

12. പിത്തത്തിന്റെ പ്രധാന സ്ഥാനം ഏത് ?

(A) ത്വക്ക് (B) രക്തം (C) ആമാശയം (D) നാഭി

13. കഫത്തിന്റെ പ്രധാന ശോധന ചികിത്സ ഏത് ?

(A) വിരേചനം (B) വമനം (C) വസ്തി (D) രക്തമോക്ഷം

14. താഴെപറയുന്നവയിൽ ആമാവസ്ഥയിലുള്ള ലക്ഷണം അല്ലാത്തതേത് ?

(A) വിശപ്പില്ലായ്മ (B) ബലമില്ലായ്മ (C) ലഘുത്വം (D) സ്രോതോരോധം

15. അഗ്നിയുമായി ഏറ്റവും ബന്ധപ്പെട്ടു നില്ക്കുന്ന വാതം ഏത് ?

(A) പ്രാണൻ (B) സമാനൻ (C) ഉദാനൻ (D) വ്യാനൻ

16. ആധുനികമതപ്രകാരം മനുഷ്യശരീരത്തിലെ ആകെ അസ്ഥികളുടെ എണ്ണം എത്ര ?

(A) 200 (B) 300 (C) 206 (D) 306

17. അഷ്ടാംഗഹൃദയാനുസാരേണ ആഭ്യന്തര സ്രോതസുകൾ എത്ര ?

(A) 10 (B) 14 (C) 13 (D) 15

18. ശരീരത്തിന്റെ സന്തുലനാവസ്ഥ നിലനിർത്തുന്ന മസ്തിഷ്ക ഭാഗമേത് ?

(A) സെറിബ്രം (B) സെറിബെല്ലം (C) മെഡുല്ല (D) പോൺസ്

19. ആയുർവേദ ശാസ്ത്രത്തിൽ ആകെ മർമ്മങ്ങൾ എത്ര ?

(A) 107 (B) 200 (C) 3 (D) 10

20. ശരീരത്തിലെ ഏറ്റവും വലിയ രക്തധമനി ഏത് ?

(A) അയോർട്ട (B) കരോട്ടിട് (C) ഇലിയാക് (D) പൾമനറി

21. ഏറ്റവും അധികം ബലത്തെ നൽകുന്ന രസം ഏത് ?

(A) മധുരം (B) അമ്ലം (C) ലവണം (D) കഷായം

22. സ്തംഭനത്തിന് കാരണമായ ഗുണം ഏത് ?

(A) ഉഷ്ണം (B) ശീതം (C) തീക്ഷണം (D) ലഘു

23. വിഷബാധയിൽ ഔഷധം ഉപയോഗിക്കേണ്ട കാലം ഏത് ?

(A) ആഹാരത്തിനുമുമ്പ് (B) ആഹാരശേഷം

(C) രാത്രി (D) ഇടക്കിടക്ക്

24. എത്രവിധമാണ് കഷായകല്പനകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് ?

(A) 2 (B) 4 (C) 5 (D) 7

25. ചൂർണ്ണത്തിന്റെ ഔഷധ മാത്ര എത്ര ?

(A) ഒരു കർഷം (B) ഒരു പലം (C) ഒരു ശാണം (D) ഒരു ശുക്തി

26. എത്രവിധം സ്നേഹങ്ങൾ ചേരുന്നതാണ് ത്രിവൃത് സ്നേഹം ?

(A) 1 (B) 2 (C) 3 (D) 4

27. സ്നേഹപാനത്തിന്റെ സമ്യക്‌യോഗലക്ഷണം എന്ത് ?

(A) വാതാനുലോമത (B) അഗ്നിദീപ്തി

(C) സ്നിഗ്ധമായമലം (D) (A), (B), (C) ഇവ മൂന്നും

28. സദ്യസ്നേഹങ്ങൾ എത്രവിധം ?

(A) 5 (B) 7 (C) 9 (D) 10

29. അഭ്യംഗം ചെയ്യുന്നതുകൊണ്ടുള്ള ഗുണം എന്ത് ?

(A) ദൃഷ്ടിനാശനം (B) ത്വക്ദോഷകരം

(C) വാതശമനം (D) വാതകോപനം

30. ആഗ്നേയസ്വേദം എത്ര വിധം ?

(A) 10 (B) 13 (C) 15 (D) 20

31. വമനത്തിനുപയോഗിക്കുന്ന ശ്രേഷ്ഠമായ ഔഷധം ഏത് ?

(A) മലങ്കാരക്ക (B) ത്രികോല്പക്കൊന്ന

(C) ഇരട്ടിമധുരം (D) വയമ്പ്

32. പേയാദിക്രമത്തിന്റെ പ്രധാന പ്രയോജനം എന്ത് ?

(A) അഗ്നിദീപ്തി (B) വാതശമനം (C) പിത്തശമനം (D) കഫശമനം

33. കൽക്കം ഉപയോഗിച്ച് ചെയ്യുന്ന നസ്യം ഏത് ?

(A) ബൃംഹണം (B) അവപീഡം (C) ധ്മാനം (D) പ്രതിമർശം

34. വിരേചനത്തിന്റെ പ്രവരശുദ്ധിയിൽ എത്ര വേഗങ്ങളുണ്ടാവണം ?

(A) 10 (B) 20 (C) 30 (D) 40

35. സൂര്യാവർത്ത രോഗത്തിൽ ഏതുതരം നസ്യമാണ് പ്രയോഗിക്കേണ്ടത് ?

(A) ശമനം (B) ശോധനം (C) ബൃംഹണം (D) സ്നേഹനം

36. യോഗവസ്തിയിൽ കഷായ വസ്തികളുടെ എണ്ണം എത്ര ?

(A) 8 (B) 4 (C) 5 (D) 3

37. ഏതുപ്രായം വരെയുള്ളവർക്ക് നസ്യം പ്രയോഗിക്കാം ?

(A) 50 (B) 60 (C) 70 (D) 80

38. സർവാംഗ വ്യാപകമായ രോഗങ്ങളിൽ പ്രയോഗിക്കേണ്ട രക്തമോക്ഷം ഏത് ?

(A) ശൃംഗം (B) ജളൂക (C) സിരാവ്യധം (D) അലാബു

39. സ്നേഹ വസ്തിയ്ക്കാവശ്യമായ ദ്രവ്യത്തിന്റെ അളവ് എത്ര ?

(A) കഷായവസ്തിദ്രവ്യത്തിന്റെ $\frac{1}{2}$ (B) കഷായവസ്തിദ്രവ്യത്തിന്റെ $\frac{1}{4}$

(C) കഷായവസ്തിദ്രവ്യത്തിന്റെ $\frac{1}{8}$ (D) കഷായവസ്തിദ്രവ്യത്തിന്റെ $\frac{1}{12}$

40. താഴെ പറയുന്നവയിൽ ദ്രവസ്വേദം ഏത് ?

(A) താപം (B) ഉപനാഹം (C) പരിഷേകം (D) ജേന്താകം

41. നസ്യം ശീലിച്ചാലുള്ള ഗുണം എന്ത് ?

(A) ഇന്ദ്രിയദൃഢത (B) അംസശൈഥില്യം

(C) ഇന്ദ്രിയനാശം (D) വാതകോപനം

42. ഷാഷ്ടിക പിണ്ഡസ്വേദം ചെയ്യുന്നതുകൊണ്ടുള്ള ഗുണം എന്ത് ?

(A) ലംഘനം (B) ബൃംഹണം (C) ശോധനം (D) സ്തംഭനം

43. യോഗ ചികിത്സയിലെ അഷ്ടാംഗങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

(A) ധൗതി (B) യമം (C) പ്രാണായാമം (D) സമാധി

44. പേയാദിക്രമം നിഷേധിക്കപ്പെട്ടവർക്ക് ഉപദേശിക്കപ്പെട്ട ക്രമം ഏതാണ് ?

(A) ലംഘനാദിക്രമം (B) ബൃംഹണാദിക്രമം

(C) തർപ്പണാദിക്രമം (D) ശോധനാദിക്രമം

45. അനാഗ്നേയ സ്വേദങ്ങൾ എത്ര ?

(A) 7 (B) 10 (C) 15 (D) 20

46. പ്രതിമർശനസ്യത്തിന്റെ ഔഷധമാത്ര എത്ര ?

(A) 2 ബിന്ദു (B) 4 ബിന്ദു (C) 6 ബിന്ദു (D) 3 ബിന്ദു

47. സ്നേഹപാനം നിഷേധിച്ചിരിക്കുന്ന രോഗാവസ്ഥ ഏത് ?

(A) വാതശോണിതം (B) ഊരുസ്തംഭം (C) പ്രമേഹം (D) കുഷ്ഠം

48. പരമമായ മനോദോഷ ഔഷധം ഏത് ?

(A) തൈലം (B) ഘൃതം

(C) മധു (D) ആത്മവിജ്ഞാനം

49. താഴെ പറയുന്നവയിൽ വിപാകമല്ലാത്തത് ഏത് ?

(A) മധുരം (B) അമ്ലം (C) കടു (D) ലവണം

50. കൃച്ഛ്റസാധ്യരോഗം ഏത് ?

(A) ശസ്ത്രസാധനം (B) ഇന്ദ്രിയനാശനം

(C) അനുപദ്രവരോഗം (D) അമർമ്മഗരോഗം

51. ഇരവികുളം ദേശീയപാർക്ക് സ്ഥിതി ചെയ്യുന്നതെവിടെ ?

(A) പത്തനംതിട്ട (B) ഇടുക്കി (C) തിരുവനന്തപുരം (D) കൊല്ലം

52. റോസ് പിങ്ക്സിറ്റിയെന്നറിയപ്പെടുന്ന സ്ഥലമേത് ?

(A) കാശ്മീർ (B) ശ്രീനഗർ (C) ജയ്പൂർ (D) സിംല

53. ആഗ്നേയശിലയ്ക്ക് ഉദാഹരണമാണ് താഴെ കൊടുത്തിരിക്കുന്നതിൽ ഒന്ന്. അത് ഏതാണ് ?

(A) ഷെയിൽ (B) ബസാൾട്ട് ശില (C) കൽക്കരി (D) ചുണ്ണാമ്പ് കല്ല്

54. സുഭാഷ് ചന്ദ്രബോസിന്റെ രാഷ്ട്രീയ ഗുരു ആരായിരുന്നു ?

(A) C.R. ദാസ് (B) ആചാര്യ വിനോബാ ഭാവെ

(C) രവീന്ദ്രനാഥടാഗോർ (D) ഗാന്ധിജി

55. മലബാർ ഹോംറൂൾ ലീഗിന്റെ സെക്രട്ടറി ആരായിരുന്നു ?

(A) ടി. പ്രകാശം

(B) ജനാബ് അബ്ദുറഹ്മാൻ സാഹിബ്

(C) K.P. കേശവമേനോൻ

(D) വടക്കേ വീട്ടിൽ മുഹമ്മദ്

56. "The indian struggle" ആരുടെ ആത്മ കഥയാണ് ?

(A) സർദാർ വല്ലഭ്ഭായ് പട്ടേൽ (B) അബ്ദുൾ കലാം ആസാദ്

(C) ബാലഗംഗാധര തിലകൻ (D) സുഭാഷ്ചന്ദ്രബോസ്

57. കബനി നദിയുടെ ഉൽഭവ സ്ഥാനം എവിടെ എന്നാണ് ?

(A) കാണത്തൂർ കുന്ന്
(B) അരിക്കൽ കുന്ന്
(C) ശിരുവാണിയ കുന്ന്
(D) തൊണ്ടാർമുടി കുന്ന്

58. കേരളത്തിലെ ഒന്നാം നിയമസഭയുടെ പ്രോടേം സ്പീക്കർ ആരായിരുന്നു ?

(A) ടി.എ. മജീദ്
(B) എൻ. കുഞ്ഞുരാമൻ
(C) നബീസത്ത് ബീവി
(D) റോസമ്മ പുന്നൂസ്

59. തലച്ചോറിനെക്കുറിച്ചുള്ള പഠനം ഏത് പേരിൽ അറിയപ്പെടുന്നു ?

(A) എറ്റിമോളജി
(B) സീസ്മോളജി
(C) ഫ്രിനോളജി
(D) കോസ്മോളജി

60. ഗാന്ധിജി ഓൾ ഇന്ത്യ ഹരിജൻ സമാജ് എന്ന സംഘടന സ്ഥാപിച്ച വർഷം ഏതാണ് ?

(A) 1935
(B) 1932
(C) 1943
(D) 1927

61. കേരളത്തിൽ നിന്നും ആദ്യമായി സരസ്വതി സമ്മാനം നേടിയതാരായിരുന്നു ?

(A) സുഗതകുമാരി
(B) മാധവിക്കുട്ടി
(C) എം. പി. മന്മഥൻ
(D) ബാലാമണിയമ്മ

62. ഭാരത കേസരി എന്നറിയപ്പെടുന്നതാരെയാണ് ?

(A) മന്നത്ത് പത്മനാഭൻ
(B) ടി.കെ. മാധവൻ
(C) വി.ടി. ഭട്ടതിരിപ്പാട്
(D) കെ.രാമകൃഷ്ണ പിള്ള

63. ലോകാരോഗ്യ സംഘടനയുടെ ആസ്ഥാനം എവിടെ ?

(A) റോം
(B) പാരീസ്
(C) ജനീവ
(D) വാഷിംഗ്ടൺ

64. നെസ്സെറ്റ് ഏത് രാജ്യത്തിന്റെ പാർലിമെന്റ് ആണ് ?

(A) ജപ്പാൻ
(B) നൈജീരിയ
(C) ഭൂട്ടാൻ
(D) ഇസ്രായേൽ

65. ഒരു ബില്ല് നിയമമാകണമെങ്കിൽ ആരാണ് അതിൽ ഒപ്പ് വെക്കേണ്ടത് ?

(A) പ്രധാന മന്ത്രി
(B) ലോകസഭാ സ്പീക്കർ
(C) രാഷ്ട്രപതി
(D) ധനകാര്യ മന്ത്രി

66. 2012 -ലെ മികച്ച ദേശീയ ചലച്ചിത്രം ഏതാണ് ?

(A) പാൻസിങ്ങ്തോമർ (B) അപരാജിത

(C) ഭൂമിക (D) ആദാമിന്റെ മകൻ അബു

67. ഏത് സംഭവവുമായി ബന്ധപ്പെട്ടതാണ് കിഴരിയൂർ ബോംബ് കേസ് ?

(A) ക്വിറ്റിന്ത്യാപ്രക്ഷോഭം (B) വിമോചനസമരം

(C) ഉപ്പുസത്യാഗ്രഹം (D) നിവർത്തനപ്രക്ഷോഭം

68. നൈനിറ്റാൾ സുഖവാസകേന്ദ്രം സ്ഥിതി ചെയ്യുന്നതെവിടെ ?

(A) ഉത്തരാഞ്ചൽ (B) ഉത്തർപ്രദേശ്

(C) കാശ്മീർ (D) അരുണാചൽപ്രദേശ്

69. നാഷണൽ കെമിക്കൽ ലബോറട്ടറി സ്ഥിതി ചെയ്യുന്നതെവിടെ ?

(A) ഡൽഹി (B) പൂന (C) ബോംബെ (D) കൽക്കത്ത

70. വൈദ്യാനാഥൻ കമ്മിറ്റി താഴെ പറയുന്നതിൽ ഏതുമായി ബന്ധപ്പെട്ട് രൂപം കൊടുത്തതാണ്?

(A) സഹകരണ മേഖല (B) പ്രതിരോധ മേഖല

(C) വൈദ്യുത മേഖല (D) വാണിജ്യ മേഖല

71. ഏറ്റവും വേഗതയിൽ ഭ്രമണം ചെയ്യുന്ന ഗ്രഹമേതാണ് ?

(A) വ്യാഴം (B) ബുധൻ (C) ശനി (D) ശുക്രൻ

72. ഈ വർഷത്തെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത് ഏത് രാജ്യക്കാരനാണ് ?

(A) അമേരിക്ക (B) ചൈന (C) ഇംഗ്ലണ്ട് (D) ഇന്ത്യ

73. സിറിയയുടെ തലസ്ഥാനമേത് ?

(A) അങ്കാറ (B) അമ്മാൻ (C) ഡമാസ്കസ് (D) മനാമ

74. "മനുഷ്യ അവബോധത്തെ സംബന്ധിച്ച ഉപന്യാസം" എന്ന വിശ്വപ്രസിദ്ധ കൃതിയുടെ കർത്താവാര് ?

(A) തോമസ് ഹോബ്സ് (B) ഫ്രാൻസിസ് ബേക്കൺ

(C) തോമസ് അക്വിനാസ് (D) ജോൺ ലോക്ക്

75. തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരെയാണ് ?

(A) ബാരിസ്റ്റർ ജി.പി. പിള്ള (B) ഡോക്ടർ പൽപ്പു

(C) ടി.കെ. മാധവൻ (D) മന്നത്ത് പത്മനാഭൻ

76. കേരളാ ഹൈക്കോടതിയിലെ ഒന്നാമത്തെ ചീഫ് ജസ്റ്റിസ് ആരായിരുന്നു ?

(A) ടി.സി. രാഘവൻ (B) കെ.ടി. കോശി

(C) എം. ജഗന്നാഥറാവു (D) എ.വി. സാവന്ത്

77. ലോകത്തിലെ മികച്ച നോവലായ യുലിസസ് മലയാളത്തിലേക്ക് തർജ്ജമ ചെയ്തതാര് ?

(A) പുനത്തിൽ കുഞ്ഞബ്ദുള്ള (B) പവനൻ

(C) എൻ മൂസക്കുട്ടി (D) വൈക്കം മുഹമ്മദ്ബഷീർ

78. 2010 -ൽ നടന്ന ഒന്നാമത് യൂത്ത്ഗെയിംസ് എവിടെ വെച്ചായിരുന്നു നടന്നിരുന്നത് ?

(A) തായ്‌ലന്റ് (B) ചൈന (C) ജപ്പാൻ (D) സിങ്കപ്പൂർ

79. ശ്രീനഗർ ഏത് നദീതീരത്താണ് സ്ഥിതി ചെയ്യുന്നത് ?

(A) ചീനാബ് (B) ബിയസ് (C) ഝലം (D) ഹുഗ്ലി

80. താഴെ പറയുന്നവയിൽ ഏത് ഏജൻസിയാണ് 'വാർഷിക ഡിമോഗ്രാഫിക് ഇയർ ബുക്ക് പ്രസിദ്ധീകരിക്കുന്നത് ?

(A) UNO (B) UNESCO (C) WHO (D) UNICEF

81. കേരളാ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ആസ്ഥാനം എവിടെ ?

(A) കൊച്ചി (B) കണ്ണൂർ (C) എറണാകുളം (D) ആലപ്പുഴ

82. ക്വാണ്ടം തിയറിയുടെ ഉപജ്ഞാതാവ് ആരാണ് ?

(A) മേഘനാഥ സാഹ (B) നീൽസ് ബോർ

(C) മാക്സ് പ്ലാങ്ക് (D) ചാഡ്‌വിക്

83. നാസികളെ വധിക്കാൻ ഹിറ്റ്ലർ ഗ്യാസ്ചേമ്പറിൽ ഉപയോഗിച്ച വാതകമേത് ?

(A) മീഥൈൻ (B) അമോണിയ (C) ഹൈഡ്രജൻ (D) സരിൻ

84. പോളിയോയ്ക്കുള്ള മരുന്ന് കണ്ടുപിടിച്ചതാര് ?

(A) എഡ്വേർഡ് ജന്നർ (B) ഷോക്ക്‌ലി

(C) ജോനാസ് സാൽക്ക് (D) വില്യം ഹാർവി

85. കേരളാ ഗവർണ്ണറായിരുന്ന ഒരാൾ പിന്നീട് ഇന്ത്യയുടെ രാഷ്ട്രപതിയായി. ആരാണ് അദ്ദേഹം ?

(A) ഹിദായത്തുള്ള (B) ബി.ഡി. ജട്ടി

(C) വി.വി. ഗിരി (D) കെ.ആർ. നാരായണൻ

86. "ഷഹീദ് ഇ അസം" എന്നറിയപ്പെടുന്ന ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനി ആരായിരുന്നു ?

(A) ഖാൻ അബ്ദുൾ ഗാഫർ ഖാൻ (B) ഭഗത് സിംഗ്

(C) സി.രാജഗോപാലാചാരി (D) ഉത്തം സിംഗ്

87. ഇന്ത്യൻ നവോത്ഥാനത്തിന്റെ നായകൻ ആരായിരുന്നു ?

(A) ബാലഗംഗാധര തിലകൻ (B) ഗാന്ധിജി

(C) റാജാറാം മോഹൻറോയ് (D) വിവേകാനന്ദൻ

88. വിമാനം, മോട്ടോർബോട്ട് മുതലായവയുടെ സ്പീഡ് അളക്കുന്ന ഉപകരണമേത് ?

(A) സ്പീഡോ മീറ്റർ (B) പൈറോ മീറ്റർ

(C) റ്റാക്കോമീറ്റർ (D) സ്പെക്ട്രോ മീറ്റർ

89. ഒരു കോശം മാത്രമുള്ള ജീവി ഏതാണ് ?

(A) പ്രോട്ടോസോവ (B) അമീബ

(C) ബാക്ടീരിയ (D) വൈറസ്

90. കേന്ദ്ര മന്ത്രിയായ ഏക മലയാളി വനിത ആരായിരുന്നു ?

(A) ലക്ഷ്മി. എൻ. മേനോൻ (B) സുശീലാ ഗോപാലൻ

(C) കെ.ആർ. ഗൗരി അമ്മ (D) ആശപൂർണ്ണ ദേവി

91. 'കാർബൊണാരി' എന്ന പ്രസ്ഥാനം ഏത് രാജ്യത്തിന്റെ ഏകീകരണവുമായി ബന്ധപ്പെട്ടതാണ്?

(A) ഇറ്റലി (B) ജർമ്മനി (C) സ്പെയിൻ (D) ഫ്രാൻസ്

92. റിബോൺ വെള്ളച്ചാട്ടം ഏത് രാജ്യത്താണ് സ്ഥിതി ചെയ്യുന്നത് ?

(A) ആഫ്രിക്ക (B) സ്പെയിൻ (C) അമേരിക്ക (D) ഇന്ത്യ

93. 2011 -ലെ കാനേഷുമാരി അനുസരിച്ച് സാക്ഷരതാ നിരക്കിൽ കേരളത്തിൽ മുന്നിൽ നിൽക്കുന്ന വില്ലേജ് ഏതാണ് ?

(A) ചെങ്ങന്നൂർ വില്ലേജ് (B) നെടുമുടി വില്ലേജ്

(C) ചാത്തന്നൂർ വില്ലേജ് (D) വട്ടിയൂർക്കാവ് വില്ലേജ്

94. ഇന്ത്യയുടെ രണ്ടാമത്തെ ഉപഗ്രഹമായ ഭാസ്കര വിക്ഷേപിച്ചത് ഏത് വർഷമാണ് ?

(A) 1980 (B) 1974 (C) 1979 (D) 1975

95. ത്രികോണമിതി കണ്ടുപിടിച്ചത് ആരായിരുന്നു ?

(A) പൈതഗോറസ് (B) ഫൈയിൽസ് (C) യൂക്ലിഡ് (D) ഹിപ്പാർക്കസ്

96. ഏറ്റവും ഘനത്വം കുറഞ്ഞ മൂലകം ഏതാണ് ?

(A) നൈട്രജൻ (B) ഓക്സിജൻ (C) മീഥൈൻ (D) ഹൈഡ്രജൻ

97. ഭരണ ഘടനാ നിർമ്മാണ സഭയുടെ കരടു കമ്മറ്റി ചെയർമാൻ ആരായിരുന്നു ?

(A) ഡോക്ടർ ഭീമറാവു അംബേദ്കർ (B) ഡോ. രാജേന്ദ്രപ്രസാദ്

(C) ഡോ. സക്കീർ ഹുസൈൻ (D) അബ്ദുൾകലാം ആസാദ്

98. ധവളഗിരി പർവ്വതം സ്ഥിതി ചെയ്യുന്നത് ഏത് രാജ്യത്താണ് ?

(A) ഇന്ത്യ (B) നേപ്പാൾ

(C) അഫ്ഗാനിസ്ഥാൻ (D) അമേരിക്ക

99. 1999 -ൽ നടൻ മോഹൻലാലിന് മികച്ച ദേശീയ നടനുള്ള അവാർഡ് നേടിക്കൊടുത്ത ചലച്ചിത്രം ഏതായിരുന്നു?

(A) വാനപ്രസ്ഥം (B) നെയ്ത്തുകാർ

(C) ഭരതം (D) ആദാമിന്റെ മകൻ അബു

100. രക്തം കട്ട പിടിക്കാൻ സഹായിക്കുന്ന വിറ്റാമിൻ ഏതാണ്.

(A) വിറ്റാമിൻ $B_1$ (B) വിറ്റാമിൻ C (C) വിറ്റാമിൻ D (D) വിറ്റാമിൻ K

- o 0 o -